## പതിമൂന്നാം കേരള നിയമസഭ - പന്ത്രണ്ടാം സമ്മേളനം

04/12/2014-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നം ഇടാത്ത നിയമസഭാ ചോദ്യം
നമ്പർ 1064

**മുന്നിയൂർ എം.എച്ച്.എസ്. സ്ക്കൂളിലെ അധ്യാപകനായിരുന്ന അനീഷിനെ സ്ക്കൂളിൽ നിന്നും പിരിച്ച് വിട്ടത്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ എം.എച്ച്.എസ്. സ്ക്കൂളിലെ സാമൂഹ്യ ശാസ്ത്ര അധ്യാപകനായിരുന്ന അനീഷിനെ സ്ക്കൂളിൽ നിന്നും പിരിച്ച് വിട്ടതിന്റെ കാരണം വെളിപ്പെടുത്താമോ; | (എ) സ്കൂളിലെ എഫ്.റ്റി.എം. ആയിരുന്ന ശ്രീ. മുഹമ്മദ് അഷ്റഫിനെ അടിച്ച് പരിക്കേല്പിച്ചു എന്ന പരാതിയിന്മേൽ. |
| (ബി) അനീഷിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നത് ഏത് തീയതിലായിരുന്നു; ഇതിനെതിരെ അനീഷ് നൽകിയ ഹർജിയിൽ ഡി.ഇ.ഒ. നൽകിയ ഉത്തരവ് എന്തായിരുന്നു; പിരിച്ച് വിടാൻ ഉത്തരവിട്ടത് ആരായിരുന്നു; ഡി.ഇ.ഒ.-യും ഡി.ഡി.ഇ.-യും പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) 28.02.2013 - ൽ, തിരൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ. അനീഷിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്തു. പിരിച്ചുവിടാൻ ഉത്തരവിട്ടത് സ്കൂൾ മാനേജരായിരുന്നു. ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെയും വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഉത്തരവിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) പിരിച്ച് വിടൽ ഉത്തരവിനെതിരെ അനീഷ് നൽകിയ അപ്പീൽ ഹർജിയിൽ ഡി.പി.ഐ. സ്വീകരിച്ച നടപടി എന്തായിരുന്നു; അനീഷ് ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം എന്തായിരുന്നു; | (സി) അനീഷ് സമർപ്പിച്ച അപ്പീലിന്മേൽ അടിയന്തിര റിപ്പോർട്ടിനായി മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. അനീഷ് ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗം 18/11/2014 ൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ഡി) സർവ്വീസിൽ നിന്നും പിരിച്ച് വിടാൻ മാത്രം ഗൗരവതരമായിട്ടുള്ള കുറ്റമായിരുന്നുവോ അനീഷിനെതിരെ ആരോപിക്കപ്പെട്ടിട്ടുണ്ടായിരുന്നത്; അല്ലെങ്കിൽ നിയമ വിരുദ്ധമായി പിരിച്ച വിട്ട മാനേജർക്കും ഡി.ഡി.ഇ.-യ്ക്കും എതിരെ സർക്കാർ സ്വീകരിച്ച നടപടി എന്തായിരുന്നു? | (ഡി) പ്രസ്തുത വിഷയത്തിൽ 18.11.2014-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും വിജിലൻസ് വിഭാഗത്തിന് വേണ്ടി പ്രോജക്ട് ആഫീസർ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

(ഹാജർ - കെ.സി. ഗോപി)

വിഷയം : പൊ.വി. - എസ്റ്റാബ് - അച്ചടക്ക നടപടി - ശ്രീ. അനീഷ് കെ.കെ., എച്ച്.എസ്.എ (എസ്.എസ്), എം.എച്ച്.എസ്.എസ്. മൂന്നിയൂർ - സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് മുൻകൂർ അനുമതി നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന : 1) മാനേജർ സമർപ്പിച്ച 10.3.2014 ലെ അപേക്ഷ.
2) തിരൂരങ്ങാടി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 7.5.2014 ലെ ബി3/418/2014 നമ്പർ റിപ്പോർട്ട്
3) 15.5.2014 ലെ ഹിയറിംഗ്

### ഉത്തരവ് നമ്പർ B4/26052/2013/K.Dis തിയ്യതി 30.05.2014

മൂന്നിയൂർ ഹയർസെക്കണ്ടറി സ്കൂളിൽ 05.02.2013 ന് ഉച്ചക്ക് 12 മണിക്ക് എഫ്.ടി.എം. ശ്രീ. മുഹമ്മദ് അഷ്റഫ് ഓഫീസ് മുറി വൃത്തിയാക്കികൊണ്ടിരുന്നപ്പോൾ ശ്രീ.അനീഷ് കെ.കെ. ചെരിപ്പ് ധരിച്ച് ഓഫീസ് മുറിയിൽ പ്രവേശിച്ചു. മുറി വൃത്തിയാക്കുന്ന സമയത്ത് ചെരിപ്പിട്ട് മുറിയിൽ പ്രവേശിച്ചതിനെ ശ്രീ. മുഹമ്മദ് അഷ്റഫ് ചോദ്യം ചെയ്യുകയും ഇതിൽ പ്രകോപിതനായ ശ്രീ. അനീഷ് കെ.കെ., ശ്രീ. മുഹമ്മദ് അഷ്റഫിനോട് ദേഷ്യപ്പെടുകയും "എന്താടാ നായിന്റെ മോനേ നീ പറഞ്ഞത്" എന്ന് ചോദിക്കുകയും തുടർന്ന് ശ്രീ. മുഹമ്മദ് അഷ്റഫിന്റെ മുഖത്ത് കൈകൊണ്ടടിക്കുകയും ഒടിഞ്ഞ ബഞ്ചിന്റെ കാലുകൊണ്ട് തലയ്ക്ക് അടിക്കുകയും ചെയ്തു. തുടർന്ന് 05.02.2013 മുതൽ 07.02.2013 വരെ ശ്രീ.മുഹമ്മദ് അഷ്റഫ് ഫറോക്ക് കോയാസ് ആശുപത്രിയിൽ ചികിത്സതേടുകയും 07.02.2013 ന് ആശുപത്രിയിൽ നിന്ന് വിടുതൽ നേടുകയും ചെയ്തു.

ശ്രീ.മുഹമ്മദ് അഷ്റഫിന്റെ പരാതിയിന്മേൽ തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ 92/13 നമ്പറായി കേസ് രജിസ്റ്റർ ചെയ്യുകയും കേസിൽ പ്രതിയായ ശ്രീ.അനീഷ് കെ.കെ. 11.02.13 ന് പോലീസ് സ്റ്റേഷനിൽ ഹാജരായി മതിയായ ജാമ്യവ്യവസ്ഥയിൽ പുറത്തിറങ്ങി. 12.02.2013 ന് ഈ വിവരം പോലീസ് സ്കൂൾ പ്രധാനാധ്യാപകനെ അറിയിക്കുകയും പ്രധാനാധ്യാപകൻ വിവരം സ്കൂൾ മാനേജർക്ക് റിപ്പോർട്ട് ചെയ്യുകയും തുടർന്ന് 28.02.2013 ന് മാനേജർ ടി അധ്യാപകനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു.

തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 15.03.2013 ന് പ്രാഥമികാന്വേഷണം നടത്തുകയും 16.03.2013 ലെ ബി5/2183/2013 ഉത്തരവ് പ്രകാരം സസ്പെൻഷൻ 15 ദിവസത്തിലധികം ദീർഘിപ്പിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ഈ ഉത്തരവിനെതിരെ ശ്രീ. അനീഷ് കെ.കെ. ഈ ഓഫീസിൽ നൽകിയ അപ്പീൽ 14.08.2013 ലെ ബി4/12128/2013 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു. മാനേജരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 16.08.2013 ന് വിശദമായ അന്വേഷണം നടത്തുകയുണ്ടായി. അധ്യാപകനെതിരെ ക്രിമിനൽ കേസ് നിലനിൽക്കുന്നതിനാൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്കനടപടി തുടരുന്നതിന്, സസ്പെൻഷൻ 6 മാസത്തിൽ കൂടുതൽ ദീർഘിപ്പിച്ചുകൊണ്ട് 10.10.2013 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം ഈ ഓഫീസിൽ നിന്നും മാനേജർക്ക് അനുമതി നൽകി.

കെ.ഇ.ആർ. അധ്യായം 14 എ റൂൾ 75 പ്രകാരം ശ്രീ. അനീഷ് കെ.കെ. യെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള മുൻകൂർ അനുമതിക്കായി സൂചന (1) പ്രകാരം മാനേജർ സമർപ്പിച്ച അപേക്ഷയിന്മേൽ 15.05.2014 ന് ഈ ഓഫീസിൽ വെച്ച് ഹിയ

ാഗ് നടത്തുകയുണ്ടായി. ഹിയറിംഗിൽ മാനേജരുടെ പ്രതിനിധി ശ്രീ.വി.പി. റെ ായ്തലവി.
പ്രധാനാധ്യാപിക ശ്രീമതി. സുധ പി. നായർ, തിരൂരങ്ങാടി ജില്ലാ വിദ്യാഭ്യാസ
ഓ ാട പ്രതിനിധി, ശ്രീ. അനീഷ് കെ.കെ. എന്നിവർ പങ്കെടുത്തു.

ഹിയറിംഗ് സമയത്ത് രേഖപ്പെടുത്തിയ മൊഴികൾ. ഹാജരാക്കിയ രേഖകൾ.
കേസിന്റെ വിവിധ വശങ്ങൾ എന്നിവ വിശദമായി പരിശോധിച്ചതിൽ നിന്നും താഴെ പറ
യ ന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

ഹൈസ്കൂൾ വിഭാഗം സാമൂഹ്യശാസ്ത്ര അധ്യാപകനായ ശ്രീ.കെ.കെ.അനീഷ്
ഓഫീസ് ജീവനക്കാരനായ ശ്രീ.മുഹമ്മദ് അഷ്റഫിനോട് അസഭ്യം പറയുകയും ബെഞ്ചിന്റെ
കാലുകൊണ്ട് തലയ്ക്കടിക്കുകയും ചെയ്തു. തുടർന്നുണ്ടായ കേസിൽ ശ്രീ.അനീഷ് കെ.
കെ. ജാമ്യം നേടിയിട്ടുള്ളതാണ്. കൂടാതെ ശ്രീ.മുഹമ്മദ് അഷ്റഫ് തന്നെ കയ്യേറ്റം ചെയ്തു
വെന്ന് കാണിച്ച് പരപ്പനങ്ങാടി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ശ്രീ. അനീഷ് കെ.
കെ. സ്വകാര്യ അന്യായം ഫയൽ ചെയ്യുകയും തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ
വിശദമായ അന്വേഷണത്തിൽ, കേസിനെ സംബന്ധിച്ച ചോദ്യത്തിന് നൽകിയ മറുപടിയിൽ
കോടതിയിൽ നൽകിയ സംഭവങ്ങൾ യഥാർത്ഥത്തിൽ നടക്കാത്തതാണ് എന്ന് പറയുകയും
ചെയ്തു.

കെ.ഇ.ആർ. അധ്യായം 13 റൂൾ 5 പ്രകാരം ഒരു അധ്യാപകൻ അനുയോജ്യമല്ലാത്ത
വിധം തന്റെ വിദ്യാർത്ഥികളോടോ, അവരുടെ മാതാപിതാക്കളോടോ, പ്രധാനാധ്യാപകനോ
ടോ, മാനേജരോടോ, ഏതെങ്കിലും വിദ്യാഭ്യാസ ഓഫീസറോടോ, മറ്റാരോടെങ്കിലുമോടോ
പെരുമാറിയാൽ ആ വ്യക്തിക്ക് അധ്യാപക ജോലിയിൽ തുടരുവാനുള്ള അവകാശം ഉണ്ടാ
യിരിക്കുകയില്ല.

ഹിയറിംഗിലും രേഖകൾ പരിശോധിച്ചതിലും ശ്രീ.അനീഷിനെ സർവ്വീസിൽ പുനഃ
പ്രവേശിപ്പിക്കാനുള്ള മാനേജരുടെ ശ്രമം പരാജയപ്പെട്ടതായി കാണുന്നു. എന്നാൽ
ശ്രീ. അനീഷ് സഹപ്രവർത്തകനോട് അസഭ്യമായി സംസാരിക്കുകയും ബെഞ്ചിന്റെ കാലു
കൊണ്ട് അടിക്കുകയുമാണ് ഈ കേസിൽ ചെയ്തത്. ഒരു അധ്യാപകന്റെ അന്തസ്സിനും
വിശ്വാസ്യതക്കും വിരുദ്ധമായ നടപടിയാണിത്. ഇത്തരം ഹീനമായ പ്രവൃത്തിയിൽ ഏർപ്പെ
ട്ടതുകൊണ്ട് അധ്യാപക ജോലിയിൽ തുടരുവാനുള്ള അർഹതയും അവകാശവും
ശ്രീ. അനീഷ് കെ.കെ. നഷ്ടപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ കളവായ വിവരങ്ങൾ
ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ എൻക്വയറിയിൽ പറഞ്ഞതായും കാണുന്നു.

മേൽ സാഹചര്യത്തിൽ, ശ്രീ. അനീഷ് കെ.കെ യെ സർവ്വീസിൽ നിന്ന് പിരിച്ചുവിടു
ന്നതിന് അനുമതി തേടിക്കൊണ്ടുള്ള മാനേജരുടെ ഹർജി കെ.ഇ.ആർ അധ്യായം 14 എ
റൂൾ 75(11)C പ്രകാരം ഭാഗികമായി അംഗീകരിച്ചു. ടിയാനെ പ്രായക്കുറവായതിനാൽ
കെ.ഇ.ആർ. അദ്ധ്യായം 14 എ റൂൾ 65(5)VI അനുസരിച്ച് ശ്രീ.അനീഷ് കെ.കെ യെ സേവന
ത്തിൽ നിന്ന് നീക്കം ചെയ്യുവാൻ അനുവദിച്ച് ഉത്തരവാകുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർ
മലപ്പുറം

സ്വീകർത്താവ്

1) ~~മാനേജർ, എം.എച്ച്.എസ്.എസ്. മൂന്നിയൂർ~~
2) ജില്ലാ വിദ്യാഭ്യാസ ഓഫീസർ തിരൂരങ്ങാടി
3) പ്രധാനാധ്യാപകൻ, എം.എച്ച്.എസ്.എസ്. മൂന്നിയൂർ
4) ശ്രീ.അനീഷ് കെ.കെ. (പ്രധാനാധ്യാപകൻ മുഖേന)

<u>അന്വേഷണ റിപ്പോർട്ട്</u>

മുന്നിയൂർ ഹയർ സെക്കണ്ടറി സ്ക്കൂളിലെ എച്ച്.എസ്.എ (എസ്.എസ്) ശ്രീ. അനീഷ് കെ.കെ. എന്നയാൾക്കെതിരായ അച്ചടക്കനടപടിയുടെ ഭാഗമായി വിശദമായ ഹിയറിംഗ് 16-08-2013ന് സ്ക്കൂളിൽവെച്ച് നടത്തി. ശ്രീ. മുഹമ്മദ് അഷ്റഫ്. കെ. (എഫ്.ടി.എം), ശ്രീ.കെ.കെ. അനീഷ്.(എച്ച്എസ്എ), ശ്രീ. ഷൈജിത്ത്. സി.പി. (എച്ച്എസ്എ), ശ്രീ. രതീഷ്. എസ്.ആർ. (എച്ച്എസ്എ), ശ്രീ. സദാനന്ദൻ. എം. (എച്ച്എസ്എ), ശ്രീ. ശശിധരൻ. പി. (എച്ച്എസ്എ), ശ്രീ. രാജീവ്. എൻ. (എച്ച്എസ്എ), ശ്രീ. അബ്ദുറസാഖ്. എം.വി.(ക്ളാർക്ക്), ശ്രീ. കമറുദ്ദീൻ. സി. (എഫ്.ടി.എം), ശ്രീ. അബ്ദുൾ ഹമീദ്. ഒ.എ. (ശിപായി), ശ്രീമതി. ഷഫീന.കെ. (ശിപായി), ശ്രീ. അബ്ദുസമീർ. എം.(ക്ളാർക്ക്), ശ്രീമതി. സുധ. പി. നായർ (പ്രധാനാദ്ധ്യാപിക) എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു.

ശ്രീ. കെ.കെ. അനീഷിനെതിരെയുള്ള കുറ്റം 05-02-2013ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് ശ്രീ. മുഹമ്മദ് അഷ്റഫ് (എഫ്.ടി.എം) ഓഫീസ് മുറി വൃത്തിയാക്കുകയും, കഴുകുകയും ചെയ്യുന്ന സമയത്ത് ഓഫീസ് മുറിയിൽ, കാലിൽ ചെരുപ്പോടുകൂടി പ്രവേശിച്ചുവെന്നും, അപ്പോൾ ശ്രീ. മുഹമ്മദ് അഷ്റഫ് നിലം വൃത്തിയാക്കുന്ന, നിലം നനഞ്ഞിരിയ്ക്കുന്ന സമയത്തെങ്കിലും ചെരുപ്പഴിച്ച് കയറണമെന്ന് അപേക്ഷിയ്ക്കുകയും, എന്നാൽ ശ്രീ. അനീഷ്. കെ.കെ, മുഹമ്മദ് അഷ്റഫിനോട് ദേഷ്യപ്പെടുകയും, മോശപ്പെട്ട ഭാഷയിൽ "എന്താടാ നായിന്റെ മോനെ നീ പറഞ്ഞത്" എന്ന് സംസാരിയ്ക്കുകയും, മുഖത്ത് കൈകൊണ്ട് അടിക്കുകയും, ഒടിഞ്ഞ ബെഞ്ചിന്റെ കാലുകൊണ്ട് ശ്രീ. മുഹമ്മദ് അഷ്റഫിന്റെ തലയ്ക്കും, നെഞ്ചിനും അടിച്ചു എന്നാണ്.

സ്ക്കൂൾ സമയം ആരംഭിയ്ക്കുന്നതിന് മുമ്പതന്നെ സ്ക്കൂളും പരിസരവും വൃത്തിയാക്കേണ്ടത് ജീവനക്കാരന്റെ കടമയാണ്. അന്വേഷണത്തിൽ നിന്നും മനസ്സിലായത് സ്ക്കൂൾ വൃത്തിയാക്കാൻ എല്ലാ ദിവസവും വരുന്നത് ചിന്നമ്മു എന്ന് പേരുള്ള ഒരു സ്ത്രീയാണ്. അനധികൃതമായാണ് അവർ സ്ക്കൂളിൽ വന്ന് ജോലി ചെയ്യുന്നത്. ഇവർക്കുള്ള വേതനം ജീവനക്കാർ നൽകുന്നു എന്നാണ് അറിയാൻ സാധിച്ചത്. അദ്ധ്യാപകരും, വിദ്യാർത്ഥികളും, പൊതുജനങ്ങളും ആവശ്യങ്ങൾക്കായി ഓഫീസിൽ വരുന്ന സമയത്ത് സ്ക്കൂളിന്റെ ഓഫീസ്മുറി വെള്ളം ഉപയോഗിച്ച് കഴുകാൻ പാടുള്ളതല്ല.

ശ്രീ. കെ. കെ. അനീഷ് "എന്താടാ നായിന്റെ മോനെ നീ പറഞ്ഞത്" എന്ന് ചോദിച്ചത് മറ്റ് ജീവനക്കാർ കേട്ടതായി അന്വേഷണ സമയത്ത് ബോധിപ്പിക്കുകയുണ്ടായിട്ടില്ല. എന്നാൽ, ശ്രീ. മുഹമ്മദ് അഷ്റഫ് കരഞ്ഞിരിയ്ക്കുന്നതായും, വീണുകിടക്കുന്നതായും, തലയിൽ നിന്ന് രക്തം വരുന്നതായും കണ്ടുവെന്ന് സ്ക്കൂളിലെ ക്ളാർക്ക് ശ്രീ. അബ്ദുൾ റസാഖ് മൊഴി തന്നു. ശ്രീ. അബ്ദുൾഹമീദ്, അഷ്റഫിന്റെ കരച്ചിൽ കേട്ട് ചെന്നുനോക്കിയപ്പോൾ അനീഷ്മാഷ് വടിപിടിച്ച് നിൽക്കുന്നതായി കണ്ടു എന്ന് ബോധിപ്പിച്ചു. ശ്രീ. അബ്ദുൾ ഹമീദും, അബ്ദുൾറസാഖും ചേർന്ന് ശ്രീ. മുഹമ്മദ് അഷ്റഫിനെ സയൻസ്

...2...ൽ തുടരും.........

131



ലബോറട്ടറി യിൽ കൊണ്ടുപോയി മുറിവ് തുണി ഉപയോഗിച്ച് കെട്ടിക്കൊടുത്തു എന്ന് പറഞ്ഞു. എന്നാൽ അടിച്ചു എന്ന് പറയുന്ന വടി അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കിയിട്ടില്ല. വളരെ ദു:ഖിതനായിരിയ്ക്കുന്ന അഷ്റഫിനെയാണ് സംഭവം കഴിഞ്ഞ് ഓഫീസിൽ ചെന്ന സമയത്ത് കണ്ടതെന്ന് പ്രധാനാദ്ധ്യാപിക ബോധിപ്പിച്ചു. അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 03 മണിയ്ക്ക് അനുവാദത്തോടുകൂടി പോയ ശ്രീ. അഷ്റഫ് എവിടെയാണെന്ന് 07.02.2013 വരെ പ്രധാനാദ്ധ്യാപിക അറിഞ്ഞിരുന്നില്ലെന്നും, സംഭവം കഴിഞ്ഞതിനു ശേഷമുള്ള വെള്ളിയാഴ്ച (08.02.2013 ന്) ശ്രീ. അബ്ദുൾ ഹമീദ് എന്നയാൾ വിളിച്ചു പറഞ്ഞപ്പോഴാണ് ശ്രീ. മുഹമ്മദ് അഷ്റഫ് ശ്രീ. കെ. കെ. അനീഷ് മാഷിനെതിരെ കേസ് കൊടുത്തതായി അറിഞ്ഞത് എന്ന് പറഞ്ഞു.

10-ാം തരം സോഷ്യൽ സയൻസ് ക്യാമ്പ് നടക്കുന്ന ദിവസം ചായ കുടിയ്ക്കാൻ സയൻസ് ലാബിൽ വന്നപ്പോൾ ശ്രീ. കെ. കെ. അനീഷ് ചെരുപ്പിട്ടു കയറിയതിന് ശ്രീ. മുഹമ്മദ് അഷ്റഫ് പരാതി പറഞ്ഞു. അപ്പോൾ കാര്യം അനീഷ് മാഷിനോട് ചോദിച്ചതായും, പിന്നീട് നടന്ന കാര്യം അറിയില്ല എന്നും സ്റ്റാഫ് സെക്രട്ടറിയായ ശ്രീ. ശശിധരൻ ബോധിപ്പിച്ചു. സ്ഥിരമായി ചായകുടിക്കാൻ വളരെ സൂക്ഷമതയോടെ കൈകാര്യം ചെയ്യേണ്ട സയൻസ് ലാബ് ഉപയോഗിക്കുന്നത് ശരിയല്ല. ശ്രീ. മുഹമ്മദ് അഷ്റഫിന്റെ പരാതിയിൽ ചെരുപ്പിട്ട് കയറിയത് സ്കൂൾ ഓഫീസിലാണെന്നും, സ്റ്റാഫ് സെക്രട്ടറിയുടെ മൊഴിയിൽ ചെരുപ്പിട്ട് കയറിയതും, പ്രശ്നമുണ്ടായതും സയൻസ് ലാബിലാണെന്നും പറയുന്നു. സംഭവം നടന്നു എന്നു പറയുന്ന സ്ഥലത്തിൽ ശ്രീ. മുഹമ്മദ് അഷ്റഫ് പറയുന്നതിലും സ്റ്റാഫ് സെക്രട്ടറി പറയുന്നതിലും വൈരുദ്ധ്യം നിലനിൽക്കുന്നു.

സംഭവം ഉച്ചയ്ക്ക് 12 മണിയ്ക്ക് നടന്നിട്ടും ഇക്കാര്യം അന്നേ ദിവസം നടന്ന സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്യാതിരുന്നതും, പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ഒരു ശ്രമവും പ്രധാനാദ്ധ്യാപികയുടേയോ, മറ്റ് ഓഫീസ് ജീവനക്കാരുടേയോ, അദ്ധ്യാപകരുടേയോ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. പ്രശ്നം സ്ക്കൂളിൽത്തന്നെ പറഞ്ഞു തീർക്കേണ്ടതായിരുന്നു. നാടകീയമായ ഒരുപാട് കാര്യങ്ങൾ ഈ സംഭവവുമായി ബന്ധപ്പെട്ട് നടന്നതായി ബോദ്ധ്യപ്പെട്ടു. 12 മണിയ്ക്ക് പരിക്ക് പറ്റിയ ശ്രീ. മുഹമ്മദ് അഷ്റഫ് മൂന്ന് മണിവരെ സ്ക്കൂൾ ഓഫീസിൽ ഇരുന്നതായും, തനിച്ച് സ്വന്തം നാടായ മഞ്ചേരിയിലേയ്ക്ക് പോയതായും, അവിടെ എത്തിയതിനുശേഷമാണ് വളരെ അകലെയുള്ള ഫറോക്കിൽ വന്ന് ആശുപത്രിയിൽ അഡ്മിറ്റാകുന്നത്. ഒരേ സ്ഥാപനത്തിലുള്ള രണ്ട് സഹപ്രവർത്തകർ തമ്മിലുള്ള പ്രശ്നം മനസ്സിലാക്കി നിവാരണം ചെയ്യുന്നതിൽ പ്രധാനാദ്ധ്യാപിക പരാജയപ്പെട്ട തായി കാണുന്നു.

ശ്രീ. അനീഷിന്റെ മൊഴി പ്രകാരം സംഭവ ദിവസം രാവിലെ 11.10 ന് ചായ കുടിക്കാൻ ലാബിലേയ്ക്ക് വന്നുവെന്നും, ചെരുപ്പിട്ട് കയറിയതിന് അഷ്റഫ് മോശമായി സംസാരിച്ചുവെന്നും, അതിനെതിരെ പ്രതികരിച്ചില്ലെന്നും, ചായ കഴിച്ച് ക്ലാസിലേയ്ക്ക്

....3:...ൽ തുടരും....

MOONNIYOOR HIGHER SECONDARY SCHOOL
MOONNIYOOR
PARAKADAVU

പോവുകയും, തിരികെ വന്ന് എന്നെ ചീത്ത പറയാൻ അഷ്റഫിന് അധികാരമില്ല എന്നും, പരാതിയുണ്ടെങ്കിൽ പ്രധാനാദ്ധ്യാപികയോടും, സ്റ്റാഫ് സെക്രട്ടറിയോടും അറിയിക്കാം എന്നും മാത്രമേ പറഞ്ഞിട്ടുള്ളു എന്നാണ്. മറ്റൊന്നും ചെയ്തിട്ടില്ല. മറ്റ് അദ്ധ്യാപകർ വന്ന് പരസ്പരം വാക്കുതർക്കമുണ്ടാകരുതെന്ന് പറഞ്ഞു, രണ്ട് പേരും പരസ്പരം കൈകൊടുത്ത് പിരിഞ്ഞു എന്നുമാണ്.

എന്നാൽ, ശ്രീ. അനീഷ് ബഹുമാനപ്പെട്ട പരപ്പനങ്ങാടി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ബോധിപ്പിച്ചത് അന്വേഷണ ഉദ്യോഗസ്ഥന് മുമ്പാകെ നൽകിയ മൊഴിയ്ക്ക് വിരുദ്ധമായാണ്. 05-02-2013 ന് രാവിലെ 10.30 ന് ലാബിൽ ചെന്ന ശ്രീ. അനീഷിനോട് ശ്രീ. മുഹമ്മദ് അഷ്റഫ് "സാമൂഹ്യശാസ്ത്രം അദ്ധ്യാപകർക്ക് എന്താണ് ലാബിൽ കാര്യം" എന്ന് ചോദിച്ച് ശ്രീ. അനീഷിനെ ചോദ്യം ചെയ്യുകയും, കൈകൊണ്ട് തലയ്ക്കടിയ്ക്കുകയും, ഇരുമ്പ് വടികൊണ്ട് നെഞ്ചത്തടിയ്ക്കുകയും, നെഞ്ചിൽ ചവിട്ടുകയും, കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തു എന്നാണ്. രണ്ട് പരസ്പര വിരുദ്ധമായ വെളിപ്പെടുത്തലാണ് അദ്ധ്യാപകന്റെ ഭാഗത്തുനിന്നുണ്ടായത്. കോടതി മുമ്പാകെ ബോധിപ്പിച്ച കാര്യങ്ങളിൽ സാക്ഷിയായി നൽകിയിട്ടുള്ള രതീഷ്. എസ്.ആർ (എച്ച്എസ്എ), സദാനന്ദൻ. എം. (എച്ച്എസ്എ) മേൽകാര്യങ്ങൾക്ക് അവർ സാക്ഷിയല്ല എന്നും ബോധിപ്പിക്കുന്നു. ഇത്തരത്തിൽ പരസ്പര വിരുദ്ധമായ മൊഴി ഒരദ്ധ്യാപകനിൽ നിന്നും പാടില്ലാത്തതാണ്. ശ്രീ. മുഹമ്മദ് അഷ്റഫിന് മുറിവ് പറ്റിയതായും, മുറിവ് കെട്ടി കൊടുത്തതായും ഓഫീസ് ജീവനക്കാർ രേഖപ്പെടുത്തുന്നു. ശ്രീ. കെ. കെ. അനീഷ് ആണ് മുറിവ് ഉണ്ടാകാൻ കാരണമെന്നും അവർ രേഖപ്പെടുത്തുന്നു. ശ്രീ. കെ. കെ. മുഹമ്മദ് അഷ്റഫ് ഹാജരാക്കിയ ആക്സിഡന്റ് രജിസ്റ്റർ-കം-വൂണ്ട് സർട്ടിഫിക്കറ്റിൽ നിന്നും ഇദ്ദേഹം തലക്ക് മുറിവ് പറ്റിയതിന് ചികത്സ തേടിയതായി കാണുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ. കെ.കെ. അനീഷ് (എച്ച്.എസ്.എ. -സോഷ്യൽ സയൻസ്) നെതിരെയും, സ്ഥാപന മേധാവിയുടെ അനുമതി ഇല്ലാതെ കേസ് കൊടുത്തതിന് ശ്രീ. കെ. മുഹമ്മദ് അഷ്റഫിനെതിരെയും, അനധികൃതമായി സ്ക്കൂൾ ഓഫീസ് വൃത്തിയാക്കുന്നതിന് ആളെ നിയോഗിച്ചതിന് സ്ക്കൂൾ പ്രധാനാദ്ധ്യാപികയ്ക്കെതിരെയും മാനേജർക്ക് അച്ചടക്ക നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
തിരൂർ.

എംഎസ്/27/08